www.prepp.in

prepp
Your Personal Exams Guide



# MALAYALAM

## Paper II

CS (Main) Exam:2015

## ( LITERATURE )

*Time Allowed : **Three Hours***

*Maximum Marks : **250***

## QUESTION PAPER SPECIFIC INSTRUCTIONS

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Questions no. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** from each section.*

*The number of marks carried by a question/part is indicated against it.*

*Answers must be written in **MALAYALAM**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

www.prepp.in

Prepp
Your Personal Exams Guide

## SECTION A

**Q1. സന്ദർഭം സൂചിപ്പിച്ചു് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കിൽ കവിയരുതു് :** *10×5=50*

(a) ചൊന്ന വസിഷ്ഠനിയോഗത്താലേ ശോഭനമാകിയ സരയൂതീരേ,
മുന്നൽ മഹാ ഹയമേധമിയറ്റി മുനിപ്രവരൻ ക്രിയചെയ്‌വതുകാലം
ഭിന്നാചാരമനത്തു ജഗത്തും പീഡിതമായിതു രാവണനാലേ;
എന്നേ കഷ്ടമിതിനെന്തൊരുഗതിയെന്നമരകളയനോടരുൾ ചെയ്താർ. 10

(b) അതിവിസ്തൃതകാലദേശജസ്ഥിതിയാൽ നീതി വിഭിന്നമാകിലും
ക്ഷിതിനാഥ ! പരാർത്ഥ ജീവികൾക്കെതിരില്ലാത്ത നിദർശനം ഭവാൻ. 10

(c) മമ മനസി നിയതമഭിലഷിതമിതു മാധവാ !
മറ്റെന്തു പിന്നെ വരേണ്ടതെനിക്കഹോ ! 10

(d) ഇടമില്ലാകാശത്തു രണ്ടു തിങ്കളിന്നെന്നും;
കുടിവിട്ടവൻ പോയി 'നാനി' കണ്ണീരായ് നില്ക്കേ
ഉമിനീറുംപോൽ നീറിയെന്മനം; – എന്നാലും
ഞാനുരിയാടിയില്ലൊറ്റയക്ഷരം പിരിയുമ്പോൾ. 10

(e) നിന്നിൽ കുരുക്കുന്ന കറുകയുടെ നിറുകയിലെ
മഞ്ഞുനീർത്തുള്ളിയിൽപ്പോലും
ഒരു കുഞ്ഞുസൂര്യനുണ്ടതുകണ്ടുദിച്ചിതെൻ
കരളിലൊരു വിസ്മയ വിഭാതം ! 10

**Q2.** (a) രാമചരിതം ഉൾപ്പെടുന്ന പാട്ടു സാഹിത്യശാഖയ്ക്ക് തമിഴ്ക്കവിതാ പാരമ്പര്യമാണുള്ളതു്. ഈ വാദം നിങ്ങൾ അംഗീകരിക്കുന്നുണ്ടോ ? 20

(b) മണിപ്രവാളസന്ദേശ കാവ്യങ്ങൾക്കു് സാഹിതീയമൂല്യത്തിനു് ഉപരിയായി മറ്റു ചില പ്രാധാന്യവും ഉണ്ടു്. 'ഉണ്ണുനീലിസന്ദേശം' പ്രമാണമാക്കി ഇതു വ്യക്തമാക്കുക. 15

(c) ഭാഷാപ്രയോഗത്തിലും സാഹിത്യ ദർശനത്തിലും അസാമാന്യമായ മികവു പ്രകടിപ്പിക്കാൻ എഴുത്തച്ഛനു് കഴിഞ്ഞു. 'ഭീഷ്മപർവ്വ'ത്തെ അടിസ്ഥാനമാക്കി പരിശോധിക്കുക. 15

www.prepp.in

Prepp
Your Personal Exams Guide

**Q3.** (a) 'അനിയന്ത്രിതമായ്ച്ചിലപ്പോഴീ
മനമോടാത്ത കുമാർഗ്ഗമില്ലെടോ.'
ഈ പ്രസ്താവം സീതയുടെ ചിന്തകളെ ന്യായീകരിക്കുന്നുണ്ടോ ? *20*

(b) വിപ്ലവത്തിന്റെ നിർമ്മാണപരവും വിധ്വംസനപരവുമായ വശങ്ങൾ 'കുടിയൊഴിക്കൽ' എന്ന കാവ്യത്തിലൂടെ അനുഭവിച്ചറിയാൻ കഴിയുന്നുണ്ട്. വിശദീകരിക്കുക. *15*

(c) 'തീവണ്ടിയിലെ പാട്ട്' എന്ന കവിതയിൽ പ്രകടമാകുന്ന എൻ.വി. കൃഷ്ണവാരിയരുടെ കവിതയുടെ സാമാന്യധർമ്മങ്ങൾ ഏതൊക്കെയാണ് ? *15*

**Q4.** (a) രൂപഭാവതലങ്ങളുടെ കാര്യത്തിൽ മലയാളകവിതയ്ക്കു പുതിയൊരു ഭാഷയും ഭാവുകത്വവും നല്കുന്നതാണ് 'കുരുക്ഷേത്രം'. വിശദീകരിക്കുക. *20*

(b) പുതുമയെ കൈക്കൊള്ളുമ്പോഴും പാരമ്പര്യത്തെയും വിശ്വാസങ്ങളെയും വിസ്മരിക്കാൻ കഴിയാത്ത കഥാപാത്രമാണ് 'പണ്ടത്തെ മേശാന്തി'യിലെ തുപ്പൻ. ചർച്ചചെയ്യുക. *15*

(c) 'മേഘരൂപ'നിലെ കഥാപാത്രം ഒരു വ്യക്തിയല്ല ഏതു മലയാളിയുമാകാം. 'ഏതോ വളകിലുക്കം കേട്ടലയും ഭ്രഷ്ടകാമുകൻ' എന്ന കാവ്യഭാഗം ഈ അഭിപ്രായത്തെ സാധൂകരിക്കുന്നുണ്ടോ എന്നു ചിന്തിക്കുക. *15*

www.prepp.in

## SECTION B

**Q5.** **താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കിൽ കവിയരുത്:** *10×5=50*

(a) 'ഇന്ദുലേഖ' എന്ന നോവലിൽ അന്തർദ്ധാരയായി വർത്തിക്കുന്നതു് സ്ത്രീയുടെ സ്വാതന്ത്ര്യ പ്രഖ്യാപനമാണു്. ചർച്ചചെയ്യുക. *10*

(b) 'ചെമ്മീൻ' ഒരു അനശ്വര പ്രേമകഥ മാത്രമാണെന്നു കരുതാമോ ? യുക്തിപൂർവ്വം നിരൂപിക്കുക. *10*

(c) മലയാളചെറുകഥ ഘടനാപരമായ ഭദ്രത കൈവരിക്കുന്നതു് എം.ടി. യുടെ കഥകളിലാണു്. 'ചെറിയ, ചെറിയ ഭൂകമ്പങ്ങൾ' എന്ന കഥയെ ആസ്പദമാക്കി പരിശോധിക്കുക. *10*

(d) 'പണ്ടത്തെ രാജാധിപത്യകാലത്തെ വടംവലികൾ തന്നെ ഈ പ്രജാധിപത്യകാലത്തും ആവർത്തിക്കുന്നു' എന്നു് മാരാർ നിരീക്ഷിക്കുന്നു. ഇതു് എത്രത്തോളം യുക്തിഭദ്രമാണു് ? *10*

(e) എഴുതുന്നയാളിന്റെ വികാരങ്ങളുടെയും അനുഭൂതികളുടെയും സത്യസന്ധമായ ആവിഷ്കാരമാണു് ആത്മകഥ. 'വളർന്നുവരുന്ന ഒരാത്മാവ്' എന്ന ഭാഗം അടിസ്ഥാനപ്പെടുത്തി പരിശോധിക്കുക. *10*

**Q6.** (a) സാമൂഹിക യാഥാർത്ഥ്യങ്ങളെക്കാൾ ഭാവനാത്മകമായ കാല്പനിക ഭംഗിക്കാണു് 'ചെമ്മീൻ' എന്ന നോവലിൽ മുൻതൂക്കമുള്ളതു്. ചർച്ചചെയ്യുക. *20*

(b) വിഷയവൈവിധ്യവും ആഖ്യാന ചാതുരിയുമാണു് എൻ.എസ്. മാധവന്റെ കഥകളുടെ സവിശേഷത. 'ഹിഗ്വിറ്റ' എന്ന കഥാസമാഹാരത്തെ ആസ്പദമാക്കി പരിശോധിക്കുക. *15*

(c) 'വ്യാസന്റെ ചിരി'യിൽ മാരാരുടെ ഹാസ്യ സാഹിത്യ സങ്കല്പം അടങ്ങിയിട്ടുണ്ടു്. വ്യക്തമാക്കുക. *15*

www.prepp.in

Prepp
Your Personal Exams Guide

**Q7.** (a) ആക്ഷേപഹാസ്യം വളരെ ഫലപ്രദമായി ഉപയോഗിച്ച നാടകങ്ങളിൽ മുൻപന്തിയിൽ നില്ക്കുന്നു '1128-ൽ ക്രൈം 27'. പരിശോധിക്കുക. *20*

(b) ചങ്ങമ്പുഴയുടെ വ്യക്തിജീവിതവും കാവ്യജീവിതവും 'ചങ്ങമ്പുഴ കൃഷ്ണപിള്ള : നക്ഷത്രങ്ങളുടെ സ്നേഹ ഭാജനം' എന്ന കൃതിയിൽ എങ്ങനെ സമന്വയിപ്പിച്ചിരിക്കുന്നു ? *15*

(c) 'ഒരു രഹസ്യം സൂക്ഷിക്കാൻ കിട്ടിയതിൽ ആഹ്ലാദം.' വാനപ്രസ്ഥം എന്ന കഥയിലെ ആ രഹസ്യം എന്തായിരുന്നു ? *15*

**Q8.** (a) മലയാളനോവലിൽ 'ഖസാക്കിന്റെ ഇതിഹാസം' ഒരു അനന്വയമാണ്. ഇതിവൃത്തം, പ്രതിപാദനം, ഭാഷ ഇവയെ അടിസ്ഥാനപ്പെടുത്തി ചർച്ചചെയ്യുക. *20*

(b) ആത്മപ്രശംസ കൂടാതെ ഒരാൾക്കു അവനവനെക്കുറിച്ചു് അധികനേരം സംസാരിക്കാനാവില്ല. ഇതിന്നൊരപവാദമാണ് 'കണ്ണീരും കിനാവും'. ഈ അഭിപ്രായത്തോടു യോജിക്കുന്നുണ്ടോ ? *15*

(c) സാഹിത്യത്തിലൂടെയുള്ള സാമൂഹിക പരിഷ്കരണം എന്ന ലക്ഷ്യം 'ഇന്ദുലേഖ'യുടെ രചനയ്ക്കു പിന്നിൽ ഉണ്ടായിരുന്നുവോ ? പരിശോധിക്കുക. *15*